70

# പ്രത്യാശ വീണ്ടും ജ്വലിപ്പിച്ചു

## (23:11- 35)

പ്രത്യാശ നഷ്ടപ്പെടുന്നതു ഖേദകരമാണ്. പ്രത്യാശ നഷ്ടപ്പെട്ടവരെ ഞാൻ കണ്ടിട്ടുണ്ട് അപ്പോൾ അവരുടെ ആരോഗ്യം പുനഃസ്ഥാപിച്ചു, പ്രിയപ്പെട്ടയാൾ സുഖം പ്രാപിച്ചു, ജീവിതപങ്കാളി തിരിച്ചു വന്ന സംഭവവും ഉണ്ടായിട്ടുണ്ട്.[1] അവരുടെ ചുമൽ കുനിഞ്ഞ്, അവരുടെ മുഖം വാടി അവരുടെ കണ്ണുകൾ മിനുസമാക്കിയിരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. പ്രത്യാശയുള്ളപ്പോൾ എല്ലാം സുഗമമായി നടക്കും, "ഞാൻ കാത്തിരിക്കേണ്ടതിനു എന്റെ ശക്തി എന്നുള്ളു" എന്നതു തകർക്കുന്ന ഒരു തീർപ്പാണ് (ഇയ്യോബ് 6:11 എൻ.സി.വി).

ഒരിക്കൽ, പൗലൊസ് റോമയിലേക്കു പോകുവാൻ കാത്തിരുന്നു (പ്രവൃത്തികൾ 19:21; റോമർ 15:22-29). എന്നാൽ ആ പ്രത്യാശ ഇല്ലാതാക്കി. യെരുശലേമിൽ അവൻ എത്തി കുറച്ചു ദിവസങ്ങൾക്കു ശേഷം, അവൻ അക്രമിക്കപ്പെടുകയും, തടവിലാക്കപ്പെടുകയും ചെയ്തു. ഇപ്പോൾ അവൻ തടവിലായി, യെഹൂദന്മാർ അവനെ കൊല്ലുവാൻ തുടർച്ചയായി ഗൂഢാലോചന നടത്തി. പ്രത്യാശയില്ലാത്ത സാഹചര്യമെന്നു തോന്നി: അവൻ തടവിൽ, അവനു ശുശ്രൂഷ ചെയ്യാനാവില്ല; മോചിക്കപ്പെട്ടാൽ, അവൻ തീർച്ചയായും കൊല്ലപ്പെടും. റോമയിൽ എത്തുവാനുള്ള അവന്റെ പ്രത്യാശ മങ്ങി ഇല്ലാതായി.

പൗലൊസിന്റെ പ്രത്യാശ വീണ്ടും ജനിക്കുന്നതിനെകുറിച്ചാണ് ഈ പാഠം – നിങ്ങളുടേയും എന്റേയും പ്രത്യാശ മങ്ങിയാൽ അതെങ്ങനെ നവീകരിക്കാം എന്നും നോക്കാം.[2]

### ദൈവത്തിന്റെ വാഗ്ദാനം (23:11)

23:10-ൽ പൗലൊസ് ന്യായാധിപസംഘത്തിന്റെ പിടിയിൽ നിന്നു മോചിതനായി: "അങ്ങനെ വലിയ ഇടച്ചൽ ആയതുകൊണ്ട്, അവർ പൗലൊസിനെ ചീന്തിക്കളയും എന്നു സഹസ്രാധിപൻ പേടിച്ചു പടയാളികൾ ഇറങ്ങിവന്നു അവനെ അവരുടെ നടുവിൽ നിന്നു പിടിച്ചെടുത്തു കോട്ടയിൽ കൊണ്ടു പോകുവാൻ കല്പിച്ചു."

പൗലൊാസ് ഏകനായി തന്റെ തടവിൽ എന്നതോടുകൂടി ഈ പാഠം ആരംഭിക്കുന്നു. ഇരുട്ടായിട്ടും, അവനു ഇറങ്ങാൻ കഴിഞ്ഞില്ല. "പൗലൊസിന്റെ ചരിത്രത്തിലെ ... ഏറ്റവും ഇരുണ്ട രാത്രി"[3] എന്നാണ് ആ രാത്രിയെക്കുറിച്ച് ജി കാംബെൽ മോർഗൻ വിശേഷിപ്പിച്ചത്. അപ്പൊസ്തലനു ന്യായാധിപ സംഘത്തിൽ നിന്നു ലഭിച്ച ദണ്ഡനം, അതിനു മുൻപു പുരുഷാരത്തിൽ നിന്നു ലഭിച്ച അടികൾ, അവനു പുതിയ മുറിവുകളും വേദനകളും സമ്മാനിച്ചു. എങ്ങനെയായാലും, ഏറ്റവും വലിയ വേദന, അവന്റെ ഹൃദയത്തിലായിരുന്നു.[4]

പൗലൊസിന്റെ മാനസികാവസ്ഥ ലൂക്കൊസ് പറയുന്നില്ല, എന്നാൽ അതു പുന:സംഘടിപ്പിക്കാൻ പ്രയാസമില്ല:[5] അവൻ *നിരുത്സാഹപ്പെട്ടിരിക്കാം*, ക്രിസ്ത്യാനികൾക്കു തമ്മിലുള്ള ബന്ധം പുരോഗമിപ്പിക്കുവാനുള്ള അവന്റെ പദ്ധതികൾ ഒന്നുമല്ലാതാകുമെന്ന് തോന്നി. അവൻ തീർച്ചയായും *നിരാശപ്പെട്ടിരുന്നു*, തന്റെ സഹയെഹൂദന്മാർ അവനെ ശ്രദ്ധിക്കുമെന്നു അവൻ കരുതി, പക്ഷേ അവർ നിരസിച്ചു. അവൻ *സംശയിക്കപ്പെട്ടു*, അവൻ ഒരു തരത്തിലും റോമയിൽ എത്തുമെന്നുള്ള പ്രതീക്ഷയില്ലാതായി. അവന്റെ ഹൃദയത്തിലെ, പ്രത്യാശ കൊഴിഞ്ഞുപോയി.

എങ്ങനെയായാലും, കർത്താവ്, പ്രത്യാശ വലുതായി ജ്വലിപ്പിക്കുന്നവൻ ആണ്. ദമസ്ക്കൊസിലേക്കുള്ള വഴിയിൽ കർത്താവു അവനു പ്രത്യക്ഷനായപ്പോൾ, സമയാസമയങ്ങളിൽ അവൻ പ്രത്യക്ഷനാകുമെന്നു വാഗ്ദാനം ചെയ്തിരുന്നു (26:16). പൗലൊസ് പ്രാണൻ താഴ്ന്നു ക്ഷയിക്കയും അപകടത്തോടടുത്തപ്പോഴും, ചുരുങ്ങിയതു രണ്ടു പ്രാവശ്യം കർത്താവ് മുൻപ് ആ വാഗ്ദാനം പാലിച്ചിട്ടുണ്ട് (22:17–21; 18:9, 10). ഇപ്പോൾ കർത്താവു വീണ്ടും അവന്റെ അടുക്കൽ വന്നു: "രാത്രിയിൽ കർത്താവു അവന്റെ അടുക്കൽ നിന്നു[6] [പൗലൊസ് ന്യായാധിപസഭയ്ക്കു മുൻപിൽ നിന്നതിന്റെ പിറ്റെന്ന്], പറഞ്ഞു, 'ധൈര്യമായിരിക്ക;[7] നീ എന്നെക്കുറിച്ചു യെരുശലേമിൽ സാക്ഷീകരിച്ചതുപോലെ,[8] റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു എന്നറിയിച്ചു'"[9] (23:11).

പൗലൊസിന്റെ വേദന കർത്താവിനു തോന്നുകയും (എബ്രായർ 4:15) എല്ലാ വേദനയും അവൻ ഏറ്റെടുക്കുകയും ചെയ്തു. സാഹചര്യം മാറിയത് ഓർത്തു പൗലൊസ് നിരുത്സാഹപ്പെട്ടു, എന്നാൽ യേശു അവന്നു ഒരു *ധൈര്യ*സന്ദേശം കൊടുത്തു: അവൻ പറഞ്ഞു, "നന്നായി സന്തോഷിക്കുക" (കെ.ജെ.വി). വാരെൻ വിയേഴ്സ്ബേ പറഞ്ഞു,

> തന്റെ ഭൗമിക ശുശ്രൂഷ വേളയിൽ ഈ വാക്കുകൾ യേശു പലപ്പോഴും പറഞ്ഞിട്ടുണ്ട്. അവൻ പക്ഷപാതക്കാരനോടും (മത്തായി 9:2) അപസ്മാരം ബാധിച്ചിരുന്ന സ്ത്രീയോടും പറഞ്ഞിട്ടുണ്ട് (മത്തായി 9:22). കൊടുങ്കാറ്റിൽ ശിഷ്യന്മാരോടു പറഞ്ഞു (മത്തായി 14:27), മാളിക മുറിയിൽ അതാവർത്തിച്ചു പറഞ്ഞു (യോഹന്നാൻ 16:33). ദൈവജനം ആയതു കൊണ്ടു, പ്രയാസഘട്ടങ്ങളിൽ നമുക്കു ധൈര്യപ്പെടാം കാരണം കർത്താവു നമ്മോടൊപ്പം അതിനെ അതിജീവിക്കാൻ സഹായിക്കും.[10]

തന്റെ സഹയെഹൂദന്മാരെ ബോധ്യപ്പെടുത്തുന്നതിൽ അവൻ പരാജയപ്പെട്ടു എന്നു വിചാരിച്ചതുകൊണ്ടാണ്, പൗലൊസ് നിരാശനായത്, അതുകൊണ്ട് യേശു അവന്നു *പ്രശംസാ* സന്ദേശം കൊടുത്തു: "നീ എന്നെക്കുറിച്ചു യെരുശലേമിൽ സാക്ഷീകരിച്ചതുപോലെ." അവന്റെ പ്രവൃത്തി പരിവർത്തനമായിരുന്നില്ല. എന്നാൽ പ്രസംഗിക്കുകയായിരുന്നു. അതു അവൻ ചെയ്തിട്ടുണ്ട്, കർത്താവു അവന്റെ ശ്രമങ്ങളെ സമ്മതിക്കയും ചെയ്തു. "വിജയം" മാത്രമാണ് ദൈവത്തിനു പ്രസാദകരമെന്നു സൂചനയില്ല. നമ്മുടെ ജോലി നാം വിശ്വസ്തമായി ചെയ്താൽ, നാം കർത്താവിനെ സന്തോഷിപ്പിക്കും.

ഭാവിയെക്കുറിച്ചു പൗലൊസിനു ആശങ്കയായിരുന്നു, അതുകൊണ്ടു യേശു അവന്നു *ആത്മവിശ്വാസ*വചനം കൊടുത്തു: "... റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു."[11] ഇപ്പോൾ, പൗലൊസിനു താൻ റോമയിൽ തീർച്ചയായും പോകും എന്നു തീർച്ചയായി. ആത്മാവ് അവനോടു പറഞ്ഞതു "കഷ്ടങ്ങളും ബന്ധനങ്ങളും" യെരുശലേമിൽ നിനക്കായി കാത്തിരിക്കുന്നു (20:22, 23), അതിനപ്പുറം ആത്മാവു ഒന്നും പറഞ്ഞില്ല. ഇപ്പോൾ, അവന്റെ റോമയിലേക്കുള്ള പാത അവസാനമെത്തിയിരിക്കുന്നു എന്നു തോന്നിയപ്പോൾ, ദൈവം അവനു തലസ്ഥാന നഗരത്തിൽ എത്തുവാൻ ഉന്നത ഹൈവേ തുറന്നു!

കർത്താവ് ആശ്വാസമോ, സ്വാതന്ത്ര്യമോ, വിജയമോ പൗലൊസിനു വാഗ്ദാനം ചെയ്തില്ല. പൗലൊസ് റോമയിൽ എന്നു മാത്രമേ അവൻ വാഗ്ദാനം ചെയ്തുള്ളു – അതായിരുന്നു അപ്പൊസ്തലനു ആവശ്യം. ദർശനം മങ്ങിയപ്പോൾ, പൗലൊസിനു ശരീരം വീണ്ടും വേദനിക്കാൻ തുടങ്ങി, അപ്പോഴും തടവു ചുമരിനുള്ളിൽ തന്നെയായിരുന്നു. എങ്ങനെ റോമയിൽ എത്തുമെന്നു അവനു ഒരു പിടിയുമില്ല, എന്നാൽ അതൊന്നും പ്രശ്നമല്ലായിരുന്നു. ഇപ്പോൾ അവനു കർത്താവിന്റെ വാഗ്ദാനം ഉണ്ട്! പൗലൊസിന്റെ പ്രതീക്ഷകളിലെ അണയാറായ തീക്കനൽ വീശപ്പെട്ടു; പ്രത്യാശയുടെ ജ്വാലകൾ അവന്റെ നെഞ്ചിൽ വീണ്ടും പ്രകാശമായി കത്താൻ തുടങ്ങി.

രാത്രി കൂരിരുട്ടാകുമ്പോഴും പ്രത്യാശ അപ്രത്യക്ഷമാകുമ്പോഴും, കർത്താവിനു നമ്മുടെ പ്രത്യാശ വീണ്ടും ജ്വലിപ്പിക്കാൻ കഴിയും. നമ്മുടെ ഓരോ സ്വപ്നവും യാഥാർത്ഥ്യമാക്കുവാൻ, കർത്താവു ദർശനത്തിൽ, വരികയില്ല. എങ്ങനെയായാലും, അവൻ നമുക്കു പ്രശംസയുടേയും, ധൈര്യത്തിന്റെയും, ആത്മവിശ്വാസത്തിന്റെയും സന്ദേശം തരും: അവന്റെ ധൈര്യസന്ദേശം "യഹോവയിങ്കൽ പ്രത്യാശ വെക്കുക; ധൈര്യപ്പെട്ടിരിക്ക, നിന്റെ ഹൃദയം ഉറെച്ചിരിക്കട്ടെ, ..." (സങ്കീർത്തനങ്ങൾ 27:14). അവന്റെ പ്രശംസാ സന്ദേശം "നന്നു, നല്ലവനും വിശ്വസ്തനും ആയ ദാസനേ" (മത്തായി 25:21; കെജെവി). അവന്റെ ആത്മവിശ്വാസ സന്ദേശം "അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ, അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യം ആകുന്നു" (1 യോഹന്നാൻ 5:14). നമ്മുടെ ജീവിതത്തിൽ എല്ലാം ശരിയായിരിക്കണമെന്നില്ല, എന്നാൽ ഇതു ശരിയാണ്: ദൈവം നമ്മെ സ്നേഹിക്കയും കരുതുകയും ചെയ്യുന്നു നമ്മുടെ ജീവിതത്തിൽ എല്ലാം

സംഭവിക്കുമാറാകുന്നു "തന്നെ സ്നേഹിക്കുന്നവർക്കു ദൈവം, നിർണ്ണായകപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മക്കായിക്കൂടെ വ്യാപരിക്കുന്നു" (റോമർ 8:28)!

നമ്മുടെ സംഭവം അവസാനിച്ചില്ല. കർത്താവിന്റെ വാഗ്ദാനം ഉടനെ കഠിനമായി പരീക്ഷിക്കപ്പെട്ടു.

## ദൈവത്തിന്റെ കരുതൽ (23:12-35)

### ഒരു ഗൂഢാലോചന നടത്തി (വാക്യങ്ങൾ 12-15)

പൗലൊസിന്റെ ഭാവിയെക്കുറിച്ചു കർത്താവു സംസാരിച്ചു എങ്കിലും, അവന്റെ ശത്രുക്കൾ അവന്റെ ഭാവിയെ എങ്ങനെ തടയാമെന്നു ആലോചിച്ചുകൊണ്ടിരുന്നു. ജാതികളുടെ പ്രാകാരത്തിൽ നിന്നു അവൻ അവരുടെ കൈക്കുള്ളിൽ നിന്നു ഒരു മുടിനാരിഴക്കു രക്ഷപ്പെട്ടതിന്റെ നിരാശയിലായിരുന്നു അവർ, അതുപോലെ തന്നെ ന്യായാധിപ സംഘത്തിന്റെ മുറിയിൽ നിന്നും അവർ ഒരു സൂത്രം മെനഞ്ഞതു മൗഢ്യമായിപ്പോയി. "നേരം വെളുത്തപ്പോൾ ചില യെഹൂദന്മാർ തമ്മിൽ യോജിച്ചു പൗലൊസിനെ കൊന്നു കളയുവോളം ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്യുകയില്ല എന്നു ശപഥം ചെയ്തു.[12] ഈ ശപഥം ചെയ്തവർ നാല്പതിൽ അധികം പേർ ആയിരുന്നു" (വാക്യങ്ങൾ 12, 13). അവരുടെ പ്രതിജ്ഞ ഏതാണ്ട് ഇതുപോലെ ആയിരുന്നേക്കാം: "ഞങ്ങൾ പൗലൊസിനെ കൊല്ലുന്നതിനുമുൻപു തിന്നുകയോ കുടിക്കുകയോ ചെയ്താൽ, ദൈവം ഞങ്ങൾക്കു അതിനു തക്കവണ്ണം കൂടുതലും തരുമാറാകട്ടെ." കൊലപാതകോദ്ദേശത്തിനു അവർ ദൈവനാമം കാരണമാക്കിയെടുത്തതിൽ നമുക്ക് ഞെട്ടലുളവാകുന്നില്ലേ? യേശു തന്റെ അനുയായികളോടു പറഞ്ഞതു "നിങ്ങളെ കൊല്ലുന്നവൻ എല്ലാം ദൈവത്തിനു വഴിപാടു കഴിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരുന്നു" (യോഹന്നാൻ 16:2; എൻ.ഐ.വി).

പ്രതിജ്ഞ എടുത്തു തങ്ങളെത്തന്നെ ബന്ധിച്ച ആ നാല്പതു യെഹൂദന്മാർ ആരായിരുന്നു? ഇരുപതുവർഷമായി പൗലൊസിനെ കൊല്ലുവാൻ നോക്കി നടന്ന യവനഭാഷക്കാരായിരുന്ന യെഹൂദന്മാരായിരുന്നോ (9:29)? ഏതാനും ദിവസങ്ങൾക്കു മുൻപു കലഹം ഉണ്ടാക്കിയ ആസ്യക്കാരായ യെഹൂദന്മാരായിരുന്നോ (21:27)? ന്യായാധിപസഭയിൽ പൗലൊസിനോട് എതിർത്ത സദൂക്യരായിരുന്നോ (23:6–9) – അല്ലെങ്കിൽ സദൂക്യരോടു അനുകമ്പയുള്ളവരോ? ഒരുപക്ഷെ ഇവരിൽ നിന്നെല്ലാം അതിൽകൂടുതലും ആളുകൾ കണ്ടേക്കാം, കാരണം പൗലൊസിനു യെഹൂദന്മാരിൽ അസംഖ്യം ശത്രുക്കൾ ഉണ്ടായിരുന്നു.

അവരുടെ ആലോചനക്കു ന്യായാധിപസഭയുടെ സഹകരണം ആവശ്യമായിരുന്നു, എന്നാൽ രക്തക്കറ പുരണ്ട മഹാപുരോഹിതന്മാരെയും അവന്റെ സ്നേഹിതന്മാരുടേയും,[13] പശ്ചാത്തലം നോക്കി, കൊല്ലുവാനുള്ള ഗൂഢാലോചനയിൽ അവരെ സമീപിക്കാൻ മടിച്ചില്ല.

അവർ മഹാപുരോഹിതന്മാരുടേയും[14] മൂപ്പന്മാരുടേയും, അടുക്കൽ

ചെന്നു, "ഞങ്ങൾ പൗലൊസിനെ കൊന്നു കളയുവോളം ഒന്നും ആസ്വദിക്കയില്ല എന്നൊരു കഠിന ശപഥം ചെയ്തിരിക്കുന്നു. ആക യാൽ, ഇപ്പോൾ, നിങ്ങൾ അവന്റെ കാര്യം അധികം സൂക്ഷ്മത്തോടെ പരിശോധിക്കണം എന്നുള്ള ഭാവത്തിൽ അവനെ നിങ്ങളുടെ അടു ക്കൽ താഴെ കൊണ്ടു വരുവാൻ, ന്യായാധിപസംഘവുമായി സഹ സ്രാധിപനോടു അപേക്ഷിപ്പാൻ;[15] എന്നാൽ അവൻ സമീപിക്കും മുമ്പേ ഞങ്ങൾ അവനെ ഒടുക്കിക്കളവാൻ ഒരുങ്ങിയിരിക്കുന്നു എന്നു പറഞ്ഞു" (വാക്യങ്ങൾ 14, 15).[16]

ഗൂഢാലോചന നിസ്സാരമായിരുന്നു. തലേന്നു സംഭവിച്ച കലഹത്തിനു ന്യായാധിപസഭയുടെ ഒരു പ്രതിനിധി പോയി സഹസ്രാധിപനോടു ക്ഷമ യാചിക്കയും, ഒരവസരം കൂടെ തന്നാൽ കുഴപ്പം ഉണ്ടാകുകയില്ല എന്നു ഉറപ്പും നല്കുക. പൗലൊസിനെ എതിർക്കുവാനുള്ള കാരണം എന്തെന്നു അപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുന്ന സഹസ്രാധിപൻ ഒരുപക്ഷെ സത്യം കണ്ടുപിടിക്കാൻ മറ്റൊരു അവസരം കൂടെ നല്കിയേക്കാം. നാല്പതു ഗൂഢാലോചനകൾ ദൈവാലയത്തിലെ കൂട്ടത്തിൽ ഇടകലർന്നു, അവ രുടെ വസ്ത്രങ്ങൾക്കുള്ളിൽ, മൂർച്ചയുള്ള കത്തികൾ വിദ്വേഷത്തോടെ ഒളിപ്പിച്ചിരിക്കും. ചെറിയ ഒരു കൂട്ടം പടയാളികൾ,[17] തിക്കിത്തിരക്കി പൗലൊസിനെ ജാതികളുടെ പ്രാകാരത്തിലൂടെ പുറത്തേക്കു കൊണ്ടു വരുമ്പോൾ, കൊല്ലുവാൻ ആലോചിച്ചവരും ഒരേ സ്ഥാനത്തു ചെന്നു ചേരുമ്പോൾ കത്തികൾ പായിക്കാം. നിമിഷത്തിനുള്ളിൽ, പൗലൊസിന്റെ രക്തം അവനെ സംരക്ഷിക്കുന്നവരിലും കുല ചെയ്യുന്നവരും നടക്കുന്ന വഴിയിൽ ചീറ്റും.[18] തീരുമാനം ന്യായാധിപ സഭയിൽ അറിയിച്ചപ്പോൾ, മഹാപുരോഹിതൻ തലയാട്ടിക്കാണും, അത്തരം കാര്യങ്ങൾ ദൈവാല യപ്രാകാരങ്ങളിൽ സംഭവിക്കുന്നതു ഭയങ്കരമാണല്ലെ, അതിനാൽ സഭ പിരിച്ചുവിട്ടു വിജയിക്കുവാനുള്ള ഗൂഢാലോചനയായിരുന്നു അത്.

ബുദ്ധിമാനായിരുന്ന ശലോമോൻ പറഞ്ഞു: "അവിടെ ... യഹോവ ക്കെതിരെ [മനുഷ്യൻ] ജ്ഞാനവുമില്ല ബുദ്ധിയുമില്ല ആലോചനയുമില്ല" (സദൃശവാക്യങ്ങൾ 21:30; എൻ.ഐ.വി) - യേശു പൗലൊസിനോട് അവൻ റോമയിൽ എത്തുമെന്നു ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. എങ്ങനെ, പിന്നെ, ഗൂഢാലോചന മാറ്റിമറിക്കുമോ? അത്ഭുതകരമായ ഒരു രക്ഷപ്പെ ടൽ പൗലൊസിനു ദൈവം ഒരുക്കുമോ? അത്ഭുതകരമായി പൗലൊസിനെ കർത്താവു തടവിൽ നിന്നു പുറത്തു കൊണ്ടുവന്നിട്ടുണ്ട് (പ്രവൃത്തികൾ 5:19; 12:7; 16:26). ഇതായിരുന്നില്ല പ്രവൃത്തികൾ 23-ൽ കർത്താവിന്റെ ഏർപ്പാട്. മറിച്ച്, ദൈവം തന്റെ *കരുതൽ* നിമിത്തം പൗലൊസിനെ സംര ക്ഷിച്ചു.

ദൈവകരുതലിനെക്കുറിച്ചുള്ള ബൈബിൾ ഉപദേശം നമ്മെ പ്രത്യാശ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. ജി.സി ബ്രീവെറിനോട്[19] ഒരിക്കൽ ചോദിച്ചു, "നിങ്ങൾ ദൈവത്തിന്റെ പ്രത്യേക കരുതലിൽ വിശ്വസിക്കു ന്നുണ്ടോ?" അതിനു അദ്ദേഹം പറഞ്ഞു, "എന്താണ് മറ്റൊരു വിധത്തി ലുള്ളത്?"[20] "കരുതൽ" എന്ന വാക്ക് എന്റെ ഇംഗ്ലീഷ് ബൈബിളിൽ ഒരു പ്രാവശ്യമേയുള്ളു[21] - പ്രവൃത്തികൾ 24:2 ലാണ്, അവിടെ അതു ദൈവ

ത്തിന്റെ കരുതലിനെയല്ല പറയുന്നതു, എന്നാൽ ഒരു റോമൻ ഉദ്യോഗ സ്ഥനെ സംബന്ധിച്ച് ഇംഗ്ലീഷ് വാക്കായ "പ്രോവിഡെൻസ്" വരുന്നതു ലാറ്റിൻ വാക്കിൽ നിന്നാണ്, അക്ഷരിക അർത്ഥം "സിയിങ്ങ് എഹെഡ്" (അതായതു, കാത്തിരിക്കൽ), സംയുക്ത ഗ്രീക്കുവാക്കു തർജ്ജിമ ചെയ്ത വാക്കായ "പ്രോവിഡെൻസ്" എന്നതിന്റെ അർത്ഥം ഏതാണ്ട് ഒന്നുത ന്നെയാണ്: "മുൻകൂട്ടി [സമയസൂചന] എന്നാണ്." ഇംഗ്ലീഷിലെയും ഗ്രീക്കിലേയും വാക്കുകൾ സൂചിപ്പിക്കുന്നതു മുൻകൂട്ടിയുള്ള കരുത ലാണ്. തീർച്ചയായും, മനുഷ്യർ ഇതു എല്ലാ സമയത്തും ചെയ്യും. ദൈവം തന്റെ ജനങ്ങൾക്കു അങ്ങനെ തന്നെ ചെയ്യും എന്നതു നമ്മെ എത്ര ത്തോളം വീണ്ടും ഉറപ്പിക്കുന്നു!

പ്രപഞ്ചനിയമത്തെ നിശ്ചലമാക്കിക്കൊണ്ടല്ല (അതായതു, അത്ഭുത കരമായി) പ്രപഞ്ചനിയമമനുസരിച്ചാണ് ദൈവം തന്റെ കരുതൽ നടത്തു ന്നത്. കരുതലിനെ ചിലർ "ദൈവകരം ചരിത്രത്തിന്റെ കയ്യുറയിൽ ഉണ്ട്" എന്നു പറയാറുണ്ട്.[22] പൗലൊസിന്റെ കഴിഞ്ഞ യെരുശലേം സന്ദർശന ത്തിൽ, നാം പഠിച്ചതിൽ ദൈവകരുതൽ വീണ്ടും വീണ്ടും, പ്രവർത്തി ക്കുന്നതായി കണ്ടു. ദൈവാലയപ്രാകാരത്തിൽ പുരുഷാരത്താൽ ആക്ര മിക്കപ്പെട്ട പൗലൊസിനെ സംരക്ഷിക്കാൻ റോമാ സഹസ്രാധിപൻ വന്നതു വെറും യാദൃശ്ചികത്വം മാത്രമോ? പൗലൊസ് രക്ഷിക്കപ്പെട്ടത് "ഭാഗ്യം" കൊണ്ടാണോ അതോ റോമാ പൗരത്വാവകാശം ഉള്ളതു കൊണ്ടോ? അതു പൗലൊസിന്റെ റോമാ പൗരത്വാവകാശം റോമാ സഹ സ്രാധിപൻ ന്യായാനുവർത്തിയായതുകൊണ്ട് അത് അങ്ങനെ "സംഭവി ച്ചതാണോ?" അല്ല, നമ്മുടെ ദൈവം ആണ് നിയന്ത്രിക്കുന്നത്!

ദൈവം ഇന്നു അത്ഭുതകരമായി പ്രവർത്തിക്കുന്നില്ല എന്നു നാം പഠിപ്പിക്കുമ്പോൾ, നാം ദൈവത്തെ പരിമിതപ്പെടുത്തുന്നു എന്നു കുറ്റ പ്പെടുത്താറുണ്ട്. ദൈവത്തെ പരിമിതപ്പെടുത്തുമ്പോൾ ദൈവത്തിനു അത്ഭുതകരമായിട്ടു മാത്രമേ പ്രവർത്തിക്കുവാൻ പറ്റു എന്നു പറയുന്ന വരാണ്! വാക്യങ്ങൾ 12 മുതൽ 35 വരെ ഒരിക്കൽ പോലും ദൈവത്തെ പറ്റിയോ, അവൻ അത്ഭുതം ചെയ്യുന്നതായോ പറയുന്നില്ല; എന്നാൽ സംഭ വിക്കുന്നതിലെല്ലാം ദൈവകരം ഉണ്ടായിരുന്നു എന്നതു സ്പഷ്ടമാണ്. ഗൂഢാലോചന പുറത്തു വന്നു!

**(വാക്യങ്ങൾ 16-22)**

വാക്യം പതിനാറിൽ നിന്നു നാം സംഭവം എടുക്കുന്നു: "ഈ പതി യിരിപ്പിനെക്കുറിച്ചു പൗലൊസിന്റെ പെങ്ങളുടെ മകൻ കേട്ടു" (വാക്യം 16). ലൂക്കൊസിന്റെ വാക്കുകൾ എത്രത്തോളം നമ്മുടെ ഉൽക്കണ്ഠ ഉണർത്തുന്നതാണ്![23] ആരാണീ അനന്തരവൻ?[24] അവൻ എന്തിനാണ് യെരുശലേമിൽ വന്നത്?[25] അവൻ ഒരു ക്രിസ്ത്യാനി ആയിരുന്നോ?[26] അവൻ എങ്ങനെ ആ പതിയിരിപ്പ് പദ്ധതി അറിഞ്ഞു?[27] ഇവയൊന്നും ലൂക്കൊസിനു പ്രാധാന്യമുള്ളവയായിരുന്നില്ല. പ്രാധാന്യമുണ്ടായിരുന്നതു ആ ചെറുപ്പക്കാരൻ ഗൂഢാലോചന അറിഞ്ഞപ്പോൾ നേരിട്ട് വന്നു പൗലൊ സിനെ ആ വിവരം അറിയിച്ചു. "അവൻ കോട്ടയിൽ കടന്നു പൗലൊ സിനെ അറിയിച്ചു" (വാക്യം 16). (ഒരിക്കൽ പൗലൊസ് റോമാക്കാരോടു

താൻ റോമാ പൗരൻ ആണെന്നു പറഞ്ഞതുകൊണ്ട്, സ്പഷ്ടമായും അവനു ചില ആനുകൂല്യങ്ങൾ, സന്ദർശകരെ അനുവദിക്കൽ അടക്കം ലഭിച്ചു [24:23; 28:30].[28])

സ്വാഭാവികമായി, തന്റെ അനന്തരവന്റെ വാർത്തയിൽ പൗലൊസ് ഉൽക്കണ്ഠപ്പെട്ടിരിക്കും. നാം വായിക്കുന്നു,

> പൗലൊസ് ശതാധിപന്മാരിൽ ഒരുത്തനെ വിളിച്ചു, "ഈ യൗവനക്കാരനു സഹസ്രാധിപനോട് ഒരു കാര്യം അറിയിക്കാനുള്ളതിനാൽ, അവനെ അങ്ങോട്ടുകൊണ്ടു പോകേണം എന്നു പറഞ്ഞു" അവൻ അവനെക്കൂട്ടി സഹസ്രാധിപന്റെ അടുക്കൽ കൊണ്ടുചെന്നു, "തടവുകാരനായ പൗലൊസ് എന്നെ വിളിച്ചു നിന്നോടു ഒരു കാര്യം പറയുവാനുള്ള ഈ യൗവനക്കാരനെ നിന്റെ അടുക്കൽ കൊണ്ടുവരുവാൻ എന്നോടു അപേക്ഷിച്ചു എന്നു പറഞ്ഞു" സഹസ്രാധിപൻ അവനെ കൈക്കുപിടിച്ചു മാറി നിന്നു, "എന്നോടു ബോധിപ്പാനുള്ളതെന്തു?" എന്നു ചോദിച്ചു (23:17–19).

യൗവനക്കാരനെ സംബന്ധിച്ചു, ഒരുപക്ഷെ അവന്റെ മുഖഭാവം, പെട്ടെന്നു അന്നു എന്തോ അനന്തരഫലമുള്ള എന്തോ സന്ദേശം പറയാനുണ്ടാവുമെന്നു റോമൻ ഉദ്യോഗസ്ഥൻ മനസിലാക്കി. മറ്റാരും കേൾക്കാതിരിക്കാൻ അവനെ ഒരു വശത്തേക്കു മാറ്റി നിറുത്തി. പൗലൊസിന്റെ പെങ്ങളുടെ മകൻ എന്നും സഹസ്രാധിപൻ അവനെ കൈക്കു പിടിച്ചു മാറ്റി നിറുത്തി[29] എന്നെല്ലാം പറഞ്ഞതുകൊണ്ട് പണ്ഡിതന്മാർ വിചാരിക്കുന്നതു യൗവനക്കാരൻ ഒരുകുട്ടിയേക്കാൾ വലിയവനല്ല എന്നാണ്.[30] അങ്ങനെയെങ്കിൽ, അത്തരം അപകടകരമായ വാർത്ത തടവിൽ എത്തിക്കുവാൻ ധൈര്യശാലി തന്നെ ആയിരിക്കണം.

ആ യൗവനക്കാരൻ നിർദ്ദേശങ്ങൾ നല്കുന്നതു ഒരു റോമൻ ഉദ്യോഗസ്ഥനോടാണെന്ന് ഓർക്കുക:

> അതിനു അവൻ, "യെഹൂദന്മാർ പൗലൊസിനെക്കുറിച്ചു അധികം സൂക്ഷ്മത്തോടെ വിസ്താരം കഴിക്കേണം എന്നുള്ള ഭാവത്തിൽ വന്നു, നാളെ അവനെ ന്യായാധിപസംഘത്തിലേക്കു കൊണ്ടുവരേണ്ടതിനു നിന്നോടു അപേക്ഷിപ്പാൻ അതു കൂടിയിരിക്കുന്നു. നീ അവരെ വിശ്വസിച്ചുപോകരുത്. അവരിൽ നാല്പതിൽ അധികം പേർ അവനെ ഒടുക്കിക്കളയുവോളം ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്കയില്ല എന്നു ശപഥം ചെയ്തു അവന്നായി പതിയിരിക്കുന്നു. നിന്റെ വാഗ്ദത്തം കിട്ടും എന്നു ആശിച്ചു അവർ ഇപ്പോൾ ഒരുങ്ങി നില്ക്കുന്നു എന്നു പറഞ്ഞു"[31] (വാക്യങ്ങൾ 20, 21).

വീണ്ടും, പൗലൊസിന്റെ അനന്തരവൻ പറഞ്ഞതു ആ റോമൻ ഉദ്യോഗസ്ഥൻ വിശ്വസിക്കത്തക്ക എന്തോ അവനിൽ ഉണ്ടായിരുന്നു. യെഹൂദന്മാർ ഇത്തരം ഗൂഢാലോചന നടത്തുമെന്നു അറിയുവാൻ മതിയായ കാലത്തോളം അവൻ ആ ഉദ്യോഗസ്ഥനിൽ ഇന്നു കാണും.[32] കുട്ടി

പറഞ്ഞതുകൊണ്ട് സഹസ്രാധിപൻ തിരഞ്ഞെടുക്കേണ്ട പരിഗണനകൾ ചിന്തിച്ചിരിക്കും:[33] അവനു സ്വീകരിക്കാവുന്ന ഒരു കാര്യം ന്യായാധിപ സംഘത്തിന്റെ ആവശ്യം അംഗീകരിക്കുക എന്നതാണ്. അങ്ങനെ ചെയ്താൽ, ആ ശല്യപ്രശ്നത്തെ ഒഴിവാക്കാം – പക്ഷെ ഒരു തടവു കാരനെ അഴിച്ചു വിടുന്നതു അവന്റെ ഔദ്യോഗിക ജീവിതത്തിൽ ഒരു കറയായിത്തീരും,[34] കൂടാതെ അവൻ ഒരു ന്യായാനുവർത്തി കൂടെ യായിരുന്നു. പൗലൊസ് ഒരു റോമാപൗരൻ ആയതുകൊണ്ട് സംരക്ഷി ക്കണം തിരഞ്ഞെടുക്കാവുന്ന മറ്റൊരു കാര്യം ന്യായാധിപസംഘ ത്തിന്റെ പദ്ധതിയോട് യോജിക്കുന്നു എന്നു നടിച്ചു കൂടുതൽ പടയാ ളികളെ ഇറക്കി അവനെ കൊല്ലുവാൻ ശ്രമിക്കുന്നവരെ കൊല്ലാം. അതു, എങ്ങനെയായാലും, ഒരു കുഴപ്പമുണ്ടാകും – പൊട്ടിത്തെറിക്കുന്ന സാഹ ചര്യം ഒഴിവാക്കേണ്ടിയിരിക്കുന്നു. ഏറ്റവും അനുയോജ്യമായ തിരഞ്ഞെ ടുപ്പ് തടവുകാരനെ ടൗണിൽ നിന്നു, എത്രവേഗം പുറത്തു കടത്തുക എന്നതാണ്.

തന്റെ മനസിൽ എന്തോ ഉറപ്പിച്ചു, സഹസ്രാധിപൻ പെട്ടെന്നു വാർത്ത കൊണ്ടുവന്നവനെ പറഞ്ഞു വിടുമ്പോൾ, "'നീ ഇതു എന്നോടു അറിയിച്ചു എന്നു ആരോടും മിണ്ടരുതു എന്നു', സഹസ്രാധിപൻ കല്പിച്ചു" (വാക്യം 22). താൻ പ്രവർത്തിക്കുന്നതിനു മുൻപു ന്യായാ ധിപ സംഘത്തിന്റെ ഗൂഢാലോചന താൻ അറിഞ്ഞുവെന്ന് അവർ അറി യരുതെന്നു സഹസ്രാധിപൻ ഊഹിച്ചു, അല്ലെങ്കിൽ അവന്റെ പദ്ധതിയെ അവർ വിഫലമാക്കുമെന്ന് അവൻ വിചാരിച്ചു. അവരുടെ ആസൂത്രണം അവൻ അറിഞ്ഞുവെന്നോ, അല്ലെങ്കിൽ അവർ ലഹള കൂട്ടിയേക്കാ മെന്നോ അവർ അറിയരുതെന്ന് അവൻ കരുതി. അവന്റെ പ്രവൃത്തി കൾ നിലവാരമുള്ള പട്ടണത്തിന്റെയും രാഷ്ട്രീയ നയത്തിന്റേതും ആയി രുന്നു.

**ഗൂഢാലോചന പരാജയപ്പെടുത്തി (വാക്യങ്ങൾ 23-35)**

ഉദ്യോഗസ്ഥൻ പെട്ടെന്നു തന്റെ പദ്ധതി പ്രാവൃത്തികമാക്കി:

> പിന്നെ അവൻ ശതാധിപന്മാരിൽ രണ്ടുപേരെ വരുത്തി, ഈ രാത്രി യിൽ മൂന്നാം മണി നേരത്തു [ഏതാണ്ട് വൈകുന്നേരം 9 മണി] കൈസര്യക്കു പോകുവാൻ, "ഇരുന്നൂറു കാലാളെയും എഴുപതു കുതിരച്ചേവകരെയും, ഇരുന്നൂറു കുന്തക്കാരെയും ഒരുക്കുവിൻ"[35] പൗലൊസിനെ കയറ്റി[36] ദേശാധിപതിയായ ഫേലിക്സിന്റെ അടു ക്കൽ ക്ഷേമത്തോടെ[37] എത്തിപ്പാൻ മൃഗവാഹനങ്ങളെയും സംഭ രിപ്പിൻ എന്നു കല്പിച്ചു[38] (വാക്യങ്ങൾ 23, 24).

ഒരു തടവുകാരന്റെ അകമ്പടിയായി സഹസ്രാധിപൻ 470 പുരുഷന്മാരെ അയച്ചു – തന്റെ കീഴിലുള്ള ഒരു ബറ്റാലിയന്റെ പകുതിയോളം പേർ![39] "പൗലൊസിനെ ഒടുക്കിക്കളവാൻ യെഹൂദന്മാർ എത്രത്തോളം പോയി" എന്നു നാം കണ്ടതാണ്; ഇപ്പോൾ "റോമൻ ഗവൺമെന്റ് നിഷ്പക്ഷ മായ നീതി നടപ്പാക്കാൻ എത്രത്തോളം പോകുന്നു" എന്നു നാം കാണു

ന്നു![40] റോമൻ ദേശാധിപതിയുടെ ആസ്ഥാനവും റോമൻ സൈന്യത്തിന്റെ തലസ്ഥാനവുമാണ്, കൈസര്യ.[41]

ചില ചോദ്യങ്ങൾ ചോദിക്കാൻ ഞാൻ നിർബന്ധിതനാവുന്നു: യെരുശലേമിലെ എല്ലാ ജനങ്ങളിലും വെച്ച്, ഒരാൾ അവരുടെ പൗലൊസിനെക്കുറിച്ചു കരുതലുള്ള ഒരാൾ മാത്രം ഗൂഢാലോചന ഇതുകേട്ട് അവനെ അറിയിക്കാൻ ചെന്നതു വെറും ആകസ്മികമോ? പൗലൊസിനോട് വ്യത്യസ്തമായി പെരുമാറി അവനു അതിഥികളെ സ്വീകരിക്കാനും സഹസ്രാധിപനോട് വാർത്തയറിയിക്കാനും ഇടയാകുന്നതു വെറും യാദൃശ്ചികമോ? എന്തു ചെലവായാലും – കോട്ടയിലെ സഹസ്രാധിപനായിരുന്ന ആൾ ഒരു യൗവനക്കാരന്റെ വാക്കു കേട്ടു ന്യായാനുവർത്തി ആക്കുക എന്നതു വെറും യാദൃശ്ചികമോ? പൗലൊസിനെ കൈസര്യയിലേക്കു അയക്കുന്നതു, അവിടെ അവനു കൈസരെ അഭയം തേടുവാനുള്ള അവസരം ലഭിക്കുന്നതും (25:11) അവസാനം റോമയിൽ എത്തുന്നതും എല്ലാം വെറും ആകസ്മികമോ? ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം: ഇല്ല എന്നാണ്; ഇവയെല്ലാം ദൈവത്തിന്റെ അത്ഭുതകരമായ കരുതലിന്റെ ഫലമായിരുന്നു!

തടവുകാരനെ കയറ്റി അയക്കാനുള്ള ഏർപ്പാട് ചെയ്തിട്ട്, സഹസ്രാധിപൻ ദേശാധിപതിക്ക് ഒരു കത്ത് തയ്യാറാക്കി. അതു എളുപ്പത്തിൽ എഴുതാവുന്ന കത്തായിരുന്നില്ല, കാരണം പൗലൊസ് ചെയ്തു എന്നു പറയപ്പെടുന്ന തെറ്റിനെക്കുറിച്ചു അവനു ഒരു പിടിയുമില്ല.

> താഴെ പറയുന്ന വിധത്തിൽ[42] ഒരു എഴുത്തും എഴുതി:[43]
>
> "ക്ലൗദ്യോസ് ലൂസിയാസ്,[44] രാജശ്രീ ഫെലിക്സ് ദേശാധിപതിക്കു, വന്ദനം.[45] ഈ പുരുഷനെ യെഹൂദന്മാർ പിടിച്ചു കൊല്ലുവാൻ ആലോചിച്ചപ്പോൾ, റോമാ പൗരൻ എന്നു അറിഞ്ഞു ഞാൻ പട്ടാളത്തോടും കൂടെ നേരിട്ടു ചെന്നു, അവനെ വിടുവിച്ചു. അവന്റെ മേൽ കുറ്റം ചുമത്തുന്ന സംഗതി ഗ്രഹിപ്പാൻ ഇച്ഛിച്ചിട്ടു അവരുടെ ന്യായാധിപസംഘത്തിലേക്കു അവനെ കൊണ്ടു ചെന്നു. എന്നാൽ അവരുടെ ന്യായപ്രമാണം,[46] സംബന്ധിച്ചുള്ള തർക്കങ്ങളെക്കുറിച്ചു കുറ്റം ചുമത്തുന്നല്ലാതെ മരണത്തിനോ ചങ്ങലെക്കോ യോഗ്യമായതു ഒന്നും ഇല്ല എന്നു കണ്ടു. അനന്തരം ഈ പുരുഷന്റെ നേരെ അവർ കൂട്ടുകെട്ടു ഉണ്ടാക്കുന്നു എന്നു തുമ്പു കിട്ടിയപ്പോൾ ഞാൻ തൽക്ഷണം അവനെ നിന്റെ അടുക്കലേക്കു അയച്ചിരിക്കുന്നു, അവന്റെ നേരെയുള്ള അന്യായം സന്നിധാനത്തിൽ ബോധിപ്പിപ്പാൻ വാദികളോടു കല്പിച്ചുമിരിക്കുന്നു, ശുഭമായിരിക്കട്ടെ" (വാക്യങ്ങൾ 25–30).

ഏറ്റവും നന്നായും ലളിതമായും സംഭവിച്ചതു പറയുന്നതിനെയും എങ്ങനെ കാര്യങ്ങൾ കൈകാര്യം ചെയ്യണം എന്നതിന്റെയും പ്രത്യക്ഷോദാഹരണമായിരുന്നു ആകർഷണീയമായ കത്ത്.[47] സഹസ്രാധിപൻ പൗലൊസിനെ മോചിപ്പിച്ചു എന്നതു വാസ്തവം, പക്ഷേ അവൻ റോമാ പൗരൻ ആയിരുന്നതുകൊണ്ടല്ല അവനെ മോചിപ്പിച്ചത്. മറിച്ച്, അവൻ കലഹമുണ്ടാക്കിയതിന്റെ പേരിൽ തടവിലാക്കിയതുകൊണ്ടാണ്. അവനെ

അടിപ്പിക്കാൻ ഒരുങ്ങുന്നതുവരെ സഹസ്രാധിപൻ അവൻ റോമാ പൗരനാണെന്നു അറിഞ്ഞിരുന്നില്ല – ഒരു വസ്തുത സൗകര്യപൂർവ്വം പ്രസ്താവിക്കാതിരുന്നു. കൂടാതെ, സഹസ്രാധിപൻ കത്തു കൊടുത്തയച്ചപ്പോൾ, പൗലൊസിനെ കുറ്റം ചുമത്തിയവരോടു കൈസര്യയിൽ പോയി കുറ്റം ആരോപിക്കാൻ പറഞ്ഞിരു*ന്നില്ല*. അതു പറയുവാൻ അവൻ അടുത്ത ദിവസം വരെ കാത്തിരുന്നു, അതു പൗലൊസ് അവനിൽ നിന്നു സുരക്ഷിതമായി എത്തുന്നതുവരെയായിരുന്നു.[48]

എങ്ങനെയായാലും, പുതിയ നിയമത്തിൽ പറഞ്ഞിട്ടുള്ള ഏക ലൗകിക എഴുത്ത് – ലൂക്കൊസ് ഉൾപ്പെടുത്തിയത് – ആ റോമൻ ഉദ്യോഗസ്ഥനെ ലജ്ജിപ്പിക്കുന്നതിനല്ല, മറിച്ച് ഈ വാക്കുകളെ അനശ്വരമാക്കുകയാണ്: “അവരുടെ ന്യായപ്രമാണം സംബന്ധിച്ചുള്ള തർക്കങ്ങളെക്കുറിച്ചു കുറ്റം ചുമത്തുന്നല്ലാതെ, മരണത്തിനോ, യോഗ്യമായതു ഒന്നുമില്ല.”[49] പൗലൊസ് ചെയ്തതിനെക്കുറിച്ചു സഹസ്രാധിപൻ തെറ്റിദ്ധരിച്ചതുപോലെ തന്നെ, തർക്കം രാഷ്ട്രീയമല്ല വേദശാസ്ത്രപരമാണെന്നതിനെക്കുറിച്ചും തെററിദ്ധാരണയായിരുന്നു. റോമാ നിയമം അനുസരിച്ചു, പൗലൊസ് മരണത്തിനോ തടവിനോ അർഹനല്ല എന്ന് അവനു ബോധ്യമുണ്ടായിരുന്നു.[50] മറ്റൊരു വാക്കിൽ പറഞ്ഞാൽ, പൗലൊസ് ശിക്ഷാർഹനല്ലാത്തതുകൊണ്ട് അവനെ വിട്ടയക്കണം!

എല്ലാം തയ്യാറായപ്പോൾ, ചെറിയ സൈന്യം നഗരം വിട്ടു മലയിലൂടെയും യെരുശലേമിന്റെ വടക്കു വശത്തുള്ള, തണലുള്ള പ്രദേശങ്ങളിലൂടെ മാർച്ചു ചെയ്തു.[51] പൗലൊസിന് 470 കാവൽക്കാർ ഉണ്ടായിരുന്നു. അല്ല, 471 പേരോടൊപ്പം കർത്താവും ഉണ്ടായിരുന്നു. ശക്തമായ കുഴപ്പം സംഭവിക്കാനുള്ള പ്രദേശം അവർ പെട്ടെന്നു കടന്നു. “പടയാളികൾ, കല്പനപ്രകാരം,പൗലൊസിനെക്കൂട്ടി രാത്രിയിൽ[52] അന്തിപത്രിസോളം കൊണ്ടു ചെന്നു”[53] (വാക്യം 31). യെഹൂദ്യനും ശമര്യക്കും ഇടയിലുള്ള പടയാളികളുടെ ആസ്ഥാനമായിരുന്നു അന്തിപത്രീസ്, ഏതാണ്ട് മുപ്പത്തി – അഞ്ചു മൈൽ, യെരുശലേമിൽ നിന്നു കൈസര്യയിലേക്കുള്ള പകുതിയിലധികം ദൂരത്ത്.[54]

സഹസ്രാധിപൻ പ്രതീക്ഷിച്ചതുപോലെ, അവർ പൗലൊസിനെ അവന്റെ ശത്രുക്കൾക്കു പിടികൊടുക്കാതെ രാത്രിയിൽ തന്നെ പോയി. ഒരിക്കൽ അന്തിപത്രൊസിൽ എത്തിയാൽ, പരുപരുത്ത മലയും, കുന്നുകളും വനനിബിഡവും എല്ലാം അവരുടെ പിന്നിലായി തീർന്നിടുന്നു; അവർക്കു മുമ്പിലുള്ള ഭൂമി തുറന്നതും പരന്നതുമാണ്. അതുകൊണ്ടു, അടുത്തദിവസം (ഒരുപക്ഷേ അല്ല വിശ്രമശേഷം), നാനൂറു പടയാളികളും കുന്തക്കാരും തങ്ങളുടെ സമാധാന ദൗത്യം അറിയിക്കേണ്ടതിനു യെരുശലേമിലേക്കു മടങ്ങി, പൗലൊസിനെ കൈസര്യയിലെത്തിക്കുവാൻ എഴുപതു കുതിരക്കാരെ വിട്ടിട്ടുപോയി (വാക്യം 32).

എല്ലാവരും ഇപ്പോൾ കുതിരപ്പുറത്തായതുകൊണ്ടു, കൈസര്യയിലേക്കുള്ള അവസാന ഇരുപത്തി – അഞ്ചു മൈൽ വേഗത്തിൽ പോകാൻ കഴിഞ്ഞു. പോകുന്ന വഴിക്ക്, താനും കൂട്ടരും രണ്ട് ആഴ്ച്ച മുൻപു സഞ്ചരിച്ച മാർഗ്ഗം പൗലൊസിനു തിരിച്ചറിയാൻ കഴിഞ്ഞു. ആ ചുരുങ്ങിയ ദിവസങ്ങളിൽ സംഭവിച്ച വിസ്മയാവഹമായ കാര്യങ്ങളെക്കുറിച്ചും അതി

പ്പോൾ ഇങ്ങനെ ആയതിനെക്കുറിച്ചും പൗലൊസ് ചിന്തിച്ചിരിക്കും.

അവസാനം, കൂട്ടം കൈസര്യയിലെത്തി. എഴുപതിലധികം പടയാളികളുടെ പട കുതിരപ്പുറത്തു സഞ്ചരിച്ചു വന്നപ്പോൾ ഒരുജനക്കൂട്ടത്തെ ആകർഷിച്ചു കാണും. ഏതെങ്കിലും ക്രിസ്ത്യാനി പൗലൊസിനു ചുറ്റും പടയാളികളുമായി പോകുന്നതു കണ്ടിരുന്നെങ്കിൽ, അവർ അഗബാസിന്റെ പ്രവചനം നിറവേറാൻ പോകുന്നു എന്നു അതിശയപ്പെട്ടേക്കാം (21:10, 11).

പൗലൊസിന്റെ അകമ്പടിയായി പോയ ആയുധധാരികളായ പടയാളികൾ ദേശാധിപതിയുടെ കൊട്ടാരത്തിൽ എത്തിയപ്പോൾ, "അവർ ദേശാധിപതിക്കു എഴുത്തു കൊടുത്തു" "പൗലൊസിനെയും അവന്റെ മുമ്പിൽ നിറുത്തി" (23:33). "ഫെലിക്സിനു മുമ്പിൽ പൗലൊസ് [നിന്നപ്പോൾ] യാത്രാക്ഷീണവും, പൊടി പുരണ്ട മുഖവും, എങ്കിലും ശാന്തമായി ആത്മവിശ്വാസത്തോടെ നില്ക്കുന്നതു നമുക്കു ഊഹിക്കാൻ കഴിയും"[55] ആദ്യമായി, അവസാനമല്ല, ആ ചെറിയ യെഹൂദൻ പാലസ്തീനിലെ ഏറ്റവും ശക്തനായ രാഷ്ട്രീയ നേതാവിനെ കാണുന്നത്.

സഹസ്രാധിപന്റെ കത്തു വായിച്ചശേഷം, ദേശാധിപതി യാത്ര ചെയ്തു ക്ഷീണിച്ചു വന്നയാളെ അടിമുടി ഒന്നു നോക്കി, ആ നിരുപദ്രവകാരി - എന്നു തോന്നിക്കുന്ന യെഹൂദൻ എത്ര വലിയ കുഴപ്പത്തിലാകുമായിരുന്നു എന്നു ചിന്തിച്ചു. അവസാനം, അവൻ പൗലൊസിനോട് ഏതു സംസ്ഥാനക്കാരനാണെന്നു ചോദിച്ചു (വാക്യം 34).[56] "കിലിക്യക്കാരൻ എന്നു കേട്ടാറെ," (വാക്യം 34) ഒരു റോമൻ സംസ്ഥാനം ആയതുകൊണ്ട്, അവന്റെ കാര്യം നിയമപരമായിത്തന്നെ കൈകാര്യം ചെയ്യണം എന്നു ധരിച്ചു. ഒരു വാഗ്ദാനം നല്കി പൗലൊസിനെ വിട്ടയച്ചു: "വാദികളും കൂടെ വന്നു ചേരുമ്പോൾ നിന്നെ വിസ്തരിക്കാം"[57] (വാക്യം 35).

പൗലൊസിനെ പൊതുതടവിലല്ല ആക്കിയത്, മറിച്ച് "ഹെരോദാവിന്റെ ആസ്ഥാനത്തിൽ" ആണ്[58] (വാക്യം 35). മഹാനായിരുന്ന ഹെരോദാവു പണിതു അവന്റെ പേരിട്ടിരിക്കുന്ന കൊട്ടാരമായിരുന്നു അത്. അതു ഇപ്പോൾ റോമൻ ദേശാധിപതിയുടെ ഔദ്യോഗിക തലസ്ഥാനമാക്കിയിരിക്കുന്നു. ദൈവത്തിന്റെ കരുതലിനാൽ, അതു അടുത്ത രണ്ടു വർഷം പൗലൊസിന്റെ "സുരക്ഷിതഭവനം" ആയി (24:27).

പൗലൊസിനെ കൊന്നുകളയുവോളം ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്കയില്ലെന്നു പ്രതിജ്ഞ എടുത്ത നാല്പതിൽ - അധികം വരുന്ന ആളുകൾക്കെന്തു പറ്റി? തങ്ങളുടെ ഗൂഢാലോചന പൊളിഞ്ഞെന്നും പൗലൊസിനെ തൊടാൻ കഴിയാത്ത വിധത്തിൽ വീണ്ടും എത്തിയിരിക്കുന്നു എന്നറിഞ്ഞപ്പോൾ അനുഭവപ്പെട്ട അവരുടെ നിരാശ നിങ്ങൾക്കു ഊഹിക്കാമോ? അവർ തങ്ങളുടെ പ്രതിജ്ഞയെ സംബന്ധിച്ചു ന്യായാനുവർത്തികൾ ആയിരുന്നെങ്കിൽ, വളരെ വിശന്നിരിക്കും! യെഹൂദന്മാർ പ്രതിജ്ഞ എടുത്തു വിട്ടുകളയുന്നതിൽ ദു:ഖിക്കുന്ന വൈദഗ്ധ്യം ഉള്ളവരായിരുന്നു, അതുകൊണ്ട് ഇവർ അധികം ഭക്ഷണം ഒഴിവാക്കി എന്നു ഞാൻ കരുതുന്നില്ല. ചുരുങ്ങിയതു അവർ "യഹോവക്കെതിരെ ... ഒരാലോചനയും വിജയിക്കുകയില്ല" എന്ന് അവർ പഠിച്ചു കാണുമെന്ന് ഞാൻ കരുതുന്നു (സദൃശവാക്യങ്ങൾ 21:30; എൻഐവി) - പക്ഷേ അതും ഞാൻ സംശയിക്കുന്നു.

## ഉപസംഹാരം

നമ്മുടെ സംഭവത്തിലെ മുഖ്യചിന്ത *ദൈവമാണ് നിയന്ത്രിക്കുന്നതു* എന്നത്രെ. തന്റെ പ്രത്യാശ ജീവിപ്പിക്കണമെന്നു പൗലൊസ് അറിയണമായിരുന്നു – നമ്മളും അറിയണം! അഗസ്റ്റിൻ പറഞ്ഞു, "ഭൂതകാലം ദൈവത്തിന്റെ കരുണക്കും, വർത്തമാനകാലം അവന്റെ സ്നേഹത്തിനും ഭാവി അവന്റെ കരുതലിനും ആശ്രയിക്കുക."[59] ദിവസം തോറും, നമ്മുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്നു എന്ന് നമുക്ക് പറയാൻ കഴിഞ്ഞെന്നു വരികയില്ല, എന്നാൽ അവൻ ചെയ്യുന്നുവെന്ന് അവനിൽ ഉറപ്പിച്ച് ആശ്രയിക്കാം. എഡ്വാർട്ടൻ പറഞ്ഞു, "ചില ഭാഷകൾ പുറകോട്ടു വായിക്കാനേ സാധിക്കു എന്ന പോലെയാണ് ദൈവത്തിന്റെ കരുതൽ നമ്മുടെ ജീവിതത്തിൽ, ബൈബിൾ വിശ്വസിക്കുന്നവരിലും അതാണ് സ്ഥിതി"[60] എന്തു സംഭവിക്കുന്നു എന്നു നോക്കാതെ, അവനിൽ ആശ്രയിക്കുക. സങ്കീർത്തനക്കാരനോടു കൂടെ പറയാൻ പഠിക്കുക, "യഹോവയായ കർത്താവേ, നീ എന്റെ പ്രത്യാശ ആകുന്നു; ബാല്യം മുതൽ, നീ എന്റെ ആശ്രയം തന്നെ ..." (സങ്കീർത്തനങ്ങൾ 71:5).

ഞാൻ നിർത്തുന്നതുകൊണ്ട്, ക്രിസ്ത്യാനികളായിത്തീരാത്തവർക്കു ഒരു പ്രത്യേക പ്രായോഗികത നല്കട്ടെ. ഈ പാഠത്തെ സംബന്ധിച്ച് അത്ഭുതമൊന്നും ഇല്ല, എന്നാൽ ദൈവത്തിന്റെ കരുതൽ നിങ്ങളിൽ എത്തിച്ചിരിക്കുന്നു. ഈ വാക്കുകൾ നിങ്ങൾ യാദൃശ്ചികമാണോ? തീർച്ചയായും അല്ല. നിങ്ങൾ ദൈവപൈതലായിത്തീരണം എന്നു ദൈവം ആഗ്രഹിക്കുന്നു! എന്തുകൊണ്ട് അതു ഇപ്പോൾ തന്നെ ആയിക്കൂടാ?

---

കുറിപ്പുകൾ

[1]പലപ്പോഴും പ്രത്യാശ നഷ്ടപ്പെട്ട പ്രദേശത്തെ സദസ്യർക്കായി പ്രത്യേകമായി ഇതു വ്യക്തിപരമാക്കാം. [2]"പ്രത്യാശ" പ്രവൃത്തികളുടെ പുസ്തകത്തിലെ അവസാന അദ്ധ്യായങ്ങളിലെ മുഖ്യവാക്കാണ് (23:6; 24:15; 26:6, 7; 28:20). [3]ജി. കാംബെൽ മോർഗൻ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഫ്ളെമിങ്ങ് എച്ച്. റെവെൽ, 1988), 379. [4]ലൂക്കൊസ് ചുരുങ്ങിയ വിവരണങ്ങൾ മാത്രമേ നല്കിയിട്ടുള്ളു എന്നതുകൊണ്ട്, സാധാരണപോലെ, യെരുശലേം സഭയെ ചൂണ്ടിക്കാണിക്കുന്നതു ശ്രദ്ധിച്ചു വേണം – എന്നാൽ രേഖ കാണിക്കുന്നേടത്തോളം, അവന്നു പ്രാദേശിക ഇടവകയിൽ നിന്നു സഹായമോ, ധർമ്മമോ യെരുശലേമിലെ തന്റെ കുഴപ്പത്തിൽ ലഭിച്ചില്ല. "ദൈവത്തിന്റെ സഭ അവനുവേണ്ടി ശ്രദ്ധയോടെ പ്രാർത്ഥിച്ചിരുന്നു" എന്നതു വായിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. പത്രൊസിനു വേണ്ടി പ്രാർത്ഥിച്ചിരുന്നു (12:5), പക്ഷെ നമുക്കു കഴിയുന്നില്ല. [5]പൗലൊസിന്റെ വിചാരങ്ങൾ, അവന്റെ പദ്ധതികളും അവനു സംഭവിച്ചതും യേശുവിന്റെ വാക്കുകളും താരതമ്യം ചെയ്തു നമുക്കു പുനഃസംഘടിപ്പിക്കാം! പൗലൊസിനു ആവശ്യമുള്ള സമയത്തു ആശ്വസിപ്പിക്കുന്നതായിരുന്നു യേശുവിന്റെ വാക്കുകൾ. [6]"അവന്റെ വശത്തു നിന്നു" എന്ന പ്രയോഗം അക്ഷരികവും അലങ്കാരികവുമായി എടുക്കാം – ദൈവം അവനെ ഉപേക്ഷിക്കയില്ല എന്നു സൂചിപ്പിക്കുവാൻ. 2 തിമൊഥെയൊസ് 4:16, 17-ൽ, പൗലൊസ് പറഞ്ഞു, "എന്റെ ഒന്നാം പ്രതിവാദത്തിൽ ആരും എനിക്കു തുണ നിന്നില്ല, അതു അവർക്കു കണക്കിടാതിരിക്കട്ടെ; ... കർത്താവോ എനിക്കു തുണ നിന്നു, എന്നെ ശക്തീകരിച്ചു, ... ." [7]കെ ജെ വിയിൽ "ബി

ഓഫ് ഗുഡ് ചിയർ" എന്നതാണ്, പക്ഷെ ഗ്രീക്കു വേദഭാഗത്ത് അക്ഷരികമായി "നല്ല ധൈര്യത്തോടെ ഇരിപ്പിൻ" എന്നാണ്. [8]സൈദ്ധാന്തികമായി, പൗലൊസ് തന്നോടു തന്നെ പ്രതിരോധിക്കയായിരുന്നു; പ്രായോഗികമായി, അവൻ കർത്താവിനു വേണ്ടി സാക്ഷികരിക്കയായിരുന്നു. [9]"നീ റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു" എന്ന വാക്കുകൾ "പ്രവൃത്തികളുടെ പുസ്തകത്തിലെ അവസാനത്തെ മൂന്നു ഭാഗത്തിന്റെ തലവാചകമായി പറഞ്ഞിട്ടുണ്ട്, പതിനാറാം അദ്ധ്യായം മുതൽ മുഖ്യവിഷയം പൗലൊസ് പടിഞ്ഞാറോട്ട് റോം ലക്ഷ്യമാക്കുന്നു" (ഹാൽഫോർഡ്. ഈ ലൂക്കൊസ്, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ് ഇൻ പ്രെസന്റ് - ഡെ പ്രീച്ചിംഗ്* [ഷിക്കാഗോ: വില്ലെറ്റ്, ക്ലാർക്ക് ആന്റ് കമ്പനി, 1942], 152). [10]വാരെൻ ഡബ്ലിയു വിയേഴ്സ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി,* വാല്യം 1 (വീറ്റൻ, Ill.: വിക്ടർ ബുക്ക്സ്, 1989), 495.

[11]റിക്ക് ആച്ച്ലേ പറഞ്ഞു കർത്താവു, ഫലത്തിൽ പറഞ്ഞു, "ഞാൻ ടിക്കറ്റ് വാങ്ങിക്കഴിഞ്ഞു!" ("മോശമായ ന്യായാധിപസഭയിൽ നിന്നു ഒരു നല്ല നിർദ്ദേശംശം," 1987 മാർച്ച് 8 ന്, ടെക്സാസിലെ, അബിലീനിൽ, സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ, പ്രസംഗിച്ചത്. [12]ഈ സംഭവം 1 ശമുവേൽ 14:24 ഉം 2 ശമുവേൽ 3:35 ഉം ആയി താരതമ്യം ചെയ്യുക. ഒരു അന്യദേവനെ വണങ്ങുന്നവനുള്ള സമാനതക്കു, 1 രാജാക്കന്മാർ 19:2 നോക്കുക. [13]"യെരുശലേമിൽ തള്ളപ്പെട്ടു" എന്ന പാഠത്തിലെ, മഹാപുരോഹിതനായ, അനന്യാസിനെ കുറിച്ചുള്ള നോട്ടുകൾ നോക്കുക. [14]"പ്രവൃത്തികൾ 1-൨൦" ലക്കത്തിലെ സാത്താൻ നിങ്ങൾക്കു പ്രയാസം വരുത്തുമ്പോൾ എന്ന പാഠത്തിലെ "മഹാപുരോഹിതന്മാർ" നോട്ടുകൾ നോക്കുക. [15]പൗലൊസിനോടു തലേന്നു എതിർത്ത പരീശന്മാരായിരുന്നു അവനെതിരായി ഗൂഢാലോചന നടത്തിയത് (ശാസ്ത്രിമാരെ ഇവിടെ പറയാത്തതു ശ്രദ്ധിക്കുക; ശാസ്ത്രിമാരിൽ അധികവും പരീശന്മാരാണ്). ന്യായാധിപസംഘം സദൂക്യരുടെ നിയന്ത്രണത്തിലാണ്. പദ്ധതി ഒരുപക്ഷേ വീണ്ടും ന്യായാധിപസംഘത്തിന്റെ മീറ്റിങ്ങ് വിളിച്ചു പൗലൊസിനെ അവിടെ വരുത്താമെന്നതായിരുന്നു, ഗൂഢാലോചനയെക്കുറിച്ചു മിണ്ടാതെ അവനെ കൊല്ലാനായിരുന്നു പ്ലാൻ. പരീശന്മാർ ഇതിനെ അനുകൂലിച്ചിരിക്കാം. [16]ഈ ഗൂഢാലോചന നടത്തിയവരും, ന്യായാധിപ സഭയിലുള്ളവരും അതുമായി പോകുവാൻ ഒത്തിരുന്നു, അങ്ങനെ പൗലൊസിന്റെ നിരപരാധിത്വം സമ്മതിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, നല്ലൊരു വിസ്താരത്തിൽ പൗലൊസിനെ ഒരിക്കലും ശിക്ഷിക്കാനാവുകയില്ല എന്നു അവർക്കറിയാം. [17]സ്പഷ്ടമായും, തലേദിവസം സഹസ്രാധിപൻ അധികം പടയാളികളെ, ന്യായാധിപസഭയിലേക്കു കൊണ്ടുവന്നിരുന്നില്ല, അതുകൊണ്ട് പൗലൊസിനെ മോചിപ്പിക്കുവാൻ വേറെ സൈന്യത്തെ വിളിക്കേണ്ടി വന്നു (23:27). [18]15-ാം വാക്യത്തിന്റെ അവസാനം വെസ്റ്റേൺ ടെക്സ്റ്റ് ചേർക്കുന്നത്, "നാം അതിനു വേണ്ടി മരിക്കേണ്ടി വന്നാലും." കൊല്ലുവാൻ ഉദ്ദേശിക്കുന്നവർക്കു തങ്ങളുടെ ജീവനെക്കുറിച്ചു വിചാരമില്ലെങ്കിൽ ആരെയും കൊല്ലാം എന്നു ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഈ മതഭ്രാന്തന്മാർ തങ്ങളുടെ ജീവൻ പൗലൊസിന്റെ ജീവനു വേണ്ടി കളയുവാൻ തുനിയുന്നത്ര വെറുപ്പ് അവർക്കു പൗലൊസിനോടുണ്ടായിരുന്നു. [19]കഴിഞ്ഞ തലമുറയിലെ അറിയപ്പെട്ട ഒരു സുവിശേഷ പ്രാസംഗികനായിരുന്നു ജി.സി. ബ്രീവെർ. [20]ഉദ്ധേശിച്ചതു റിക്ക് ആച്ച്ലേ, "കരുതലിന്റെ തെളിവുകൾ," 1987 മാർച്ച് 15 നു ടെക്സാസിലെ, അബിലീനിൽ,സതേൺ ചർച്ച് ഓഫ് ക്രൈസ്റ്റിൽ പ്രസംഗിച്ചത്.

[21]എൻ എ എസ്ബി യിലും കെജെവിയിലും ഇതു വാസ്തവമാണ്, എങ്ങനെയായാലും, ശ്രദ്ധിക്കാനുള്ളത് വാക്കിന്റെ *ക്രിയാരൂപം* വേദഭാഗങ്ങളിൽ ഊന്നി പറയുന്നതു "ദൈവം കരുതുന്നു" എന്നാണ് (ഉദാഹരണം, ഉല്പത്തി 22:8). [22]ആച്ച്ലേയിൽ സൂചിപ്പിച്ചിരിക്കുന്നു. [23]എഫ്.എഫ്.ബ്രൂസ് ഇതിനെ "പ്രവൃത്തികളുടെ പുസ്തകത്തിലെ ആശ കാട്ടി ചതിക്കുന്ന ഏറ്റവും വലിയ സംഭവങ്ങൾ എന്നു പറഞ്ഞിരിക്കുന്നു, പൗലൊസിന്റെ രഹസ്യ ജീവിതവും കുടുംബബന്ധങ്ങളും" (*ദ ബുക്ക് ഓഫ് ആക്സ്*, റെവ.ഇഡി [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയൂ എംബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1988], 432). [24]ബൈബിളിൽ പൗലൊസിന്റെ കുടുംബത്തെ നേരിട്ടു പറഞ്ഞിരിക്കുന്നതു ഇവിടെ മാത്ര

മാണ്. "ചാർച്ചക്കാർ" എന്നു റോമൻ 16:7, 21-ൽ ഉള്ളതു ഒരുപക്ഷേ അവന്റെ സഹയെഹൂദന്മാരായിരിക്കാം (റോമർ 9:3 നോക്കുക). [25]ഒരുപക്ഷെ, മുൻപ് അവന്റെ അങ്കിളിനെ പോലെ, ഒരു വിദ്യാർത്ഥിയായി അവനെ അയച്ചിരിക്കാം. അല്ലെങ്കിൽ അവന്റെ കുടുംബാംഗങ്ങൾ യെരുശലേമിൽ പെന്തെക്കൊസ്തു പെരുന്നാൾ ആഘോഷിക്കാൻ വന്നതാകാം. എന്നിട്ട് മടങ്ങിപ്പോകാത്തതുമാകാം. ചിലർ വിചാരിക്കുന്നതു പൗലൊസിന്റെ പെങ്ങൾക്കു യെരുശലേമിൽ വീടുണ്ടായിരുന്നു എന്നാണ്. അങ്ങനെ ആയിരുന്നെങ്കിൽ, അവർ സ്നേഹത്തിൽ തന്നെ ആയിരുന്നെങ്കിൽ, പൗലൊസ് എന്തിനാണ് മ്നോസോന്റെ വീട്ടിൽ താമസിച്ചതെന്ന് മനസിലാകുന്നില്ല (21:16). [26]പൗലൊസ് ക്രിസ്ത്യാനിയായപ്പോൾ, അതു ഒരുപക്ഷേ അവനെ വീട്ടിൽ നിന്നു അകറ്റിയേക്കാം (ഫിലിപ്പിയർ 3:7, 8 നോക്കുക), തർസൊസിൽ മടങ്ങിവന്ന പൗലൊസ് (പ്രവൃത്തികൾ 9:30), അവന്റെ സഹോദരിയടക്കം കുടുംബാംഗങ്ങളെ, പരിവർത്തനം ചെയ്യുവാൻ ശ്രമിച്ചിരുന്നോ? അവൻ യെരുശലേമിൽ പഠിക്കാൻ വന്നതാണെങ്കിൽ, സഭയിലെ അംഗങ്ങളുമായി ബന്ധപ്പെട്ടു പരിവർത്തനം ചെയ്തിരുന്നോ? അല്ലെങ്കിൽ ക്രിസ്ത്യാനികളോടു അനുകമ്പയുള്ളവനായിത്തീർന്നോ? അവൻ പരിവർത്തനം ചെയ്യപ്പെട്ടിരുന്നില്ലെങ്കിൽ, "കുടുംബാംഗം" എന്ന നിലയിൽ പൗലൊസിനെ കൊല്ലുന്നതു ഒഴിവാക്കാൻ ശ്രമിച്ചതാകാം. [27]ഒരുപക്ഷെ അവൻ ഒരു കിംവദന്തി കേട്ടതാകാം; നാല്പതിൽ - അധികം പേർക്ക് അറിയുന്ന ഒരു കാര്യം രഹസ്യമായി സൂക്ഷിക്കാൻ പ്രയാസമാണ്. അതുകൊണ്ട്, എങ്ങനെയായാലും, അവൻ (1) അതിനെക്കുറിച്ചു ഒരു തവണ കേട്ടു (2) അവർ എടുത്ത പ്രതിജ്ഞയുടെ വാക്കുകൾ വാക്കുവാക്കായി ആവർത്തിക്കാൻ അവനു കഴിഞ്ഞു (വാക്യങ്ങൾ 12-15 ഉം 20, 21 ഉം താരതമ്യം ചെയ്യുക), പദ്ധതി തയ്യാറാക്കിയപ്പോൾ പുറത്തു കേട്ടതാകാനാണ് കൂടുതൽ സാധ്യത. ഏ എസ് വിയിൽ "വന്നു" എന്നതിനു മറ്റൊന്നാണ് വായിക്കുന്നത്: "ഓർ, ഹാവിങ്ങ് കം ഇൻ [അപ്പോൺ ദെം]." ചിലർ വിചാരിക്കുന്നതു പൗലൊസിന്റെ പെങ്ങളെ മഹാപുരോഹിത കുടുംബാംഗത്തിലേക്കായിരുന്നു വിവാഹം ചെയ്തയച്ചിരുന്നത്. അതുകൊണ്ട് ഇത്തരം രഹസ്യങ്ങൾ അറിയാൻ കഴിഞ്ഞിരുന്നു എന്നാണ് (ഗൂഢാലോചനയെക്കുറിച്ചു സഭയിൽ അറിവു കിട്ടിയ ഉടനെ ആ യൗവനക്കാരനെ പൗലൊസിനെ വിവരം അറിയിക്കാൻ അയച്ചതാണെന്നും പറയപ്പെടുന്നു. പക്ഷെ ഇതു പല കാരണങ്ങൾ കൊണ്ട് അസംഭവ്യമാണ്). [28]ആഹാരത്തിനും മറ്റു ആവശ്യങ്ങൾക്കും തടവിലുള്ളവർ സ്നേഹിതന്മാരെ ആശ്രയിക്കുന്നതു സാധാരണയായിരുന്നു (മത്തായി 25:36, 40; എബ്രായർ 10:34; 13:3). [29]പത്ത് - ഇരുപതു വയസു പ്രായമുള്ള ഒരു യുവാവിനെ റോമാ പൗരൻ കൈപിടിച്ചുകൊണ്ടു പോകുന്നതു അസാധാരണമായിരുന്നു. [30]അതു വാസ്തവമാണെങ്കിലും, അവൻ, തീർച്ചയായും, ഗൂഢാലോചന വിശദമായി ബോധ്യപ്പെടുത്താൻ മതിയായ പ്രായമുണ്ടായിരുന്നു.

[31]"തയ്യാറായി കാത്തിരുന്നു" അവർ ആവശ്യം അറിയിച്ചു മറുപടിക്കായി കാത്തിരിക്കുന്നു എന്നല്ല അർത്ഥം. അവരുടെ പദ്ധതി നടപ്പാക്കാൻ "തയ്യാറായി കാത്തിരുന്നു" എന്നാണർത്ഥം. ഒരുപക്ഷേ അവൻ ചെയ്യേണ്ടതായി ആഹാരവർജ്ജനം അവർ എടുത്തില്ല! കാരണം, പ്രഭാതമായപ്പോഴേക്കും സഹസ്രാധിപന്റെ അറിയിപ്പ് വന്നുകാണും. [32]ആളുകൾ പറയുന്നതു സത്യമാണോ കളവാണോ എന്നു തിരിച്ചറിയത്തക്ക അനുഭവം ഒരുപക്ഷേ അവനുണ്ടായിരുന്നേക്കാം. [33]ഇതായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു, കാരണം യൗവനക്കാരനെ പറഞ്ഞയച്ച ഉടനെ അടുത്ത നടപടിക്രമം അവൻ നടത്തുന്നു. [34]24-ാം വാക്യത്തിന്റെ അവസാനം ഒരു പുരാതന വേദഭാഗം ചേർത്തിരിക്കുന്നു: "യെഹൂദന്മാർ അവനെ പിടിച്ചുകൊന്നാൽ, പിന്നീട് താൻ പണം വാങ്ങി [അതായതു, കൈക്കൂലി] എന്ന് ആരോപിക്കയും ചെയ്യും." [35]"കുന്തക്കാരൻ" എന്നതു ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം "പിടിക്കുക (അല്ലെങ്കിൽ വലതുകൈകൊണ്ട് എറിയുക) എന്നാണ്" ഇതു സ്പഷ്ടമായി പടയാളികൾ ആയുധം പിടിക്കുന്നതോ എറിയുന്നതോ വലതുകൈ കൊണ്ടാണ് എന്നു സൂചിപ്പിക്കുന്നു. ചില തർജ്ജിമകൾ "ഘനം - കുറഞ്ഞ ആയുധധാരികൾ" എന്നാണ്. [36]കെജെവിയിൽ "വന്യമൃഗങ്ങൾ" എന്നാണ്,

അതു കൃത്യമായും ശരിയല്ല. ഇതു കുതിരകളോ, കോവർ കഴുതകളോ ആയിരിക്കാം. "കുതിര" എന്നതിന്റെ ഗ്രീക്കുവാക്ക് ഭാഗികമായി "കുതിരക്കാർ" എന്നു തർജ്ജിമ ചെയ്തിരിക്കുന്നതുകൊണ്ടു, അവ കുതിരകൾ ആയിരുന്നു എന്നാണ് ഞാൻ കരുതുന്നത്. [37]പൗലൊസിനു സഞ്ചരിക്കാൻ ഒരു കുതിരയെ കൊടുത്തിരിക്കും കാരണം, അവനെ അടിക്കുകയും, ഉപദ്രവിക്കുകയും ഒക്കെ ചെയ്തതുകൊണ്ട് അവനു നടക്കാൻ കഴിയുമായിരുന്നില്ല. നിരപരാധി എന്നു സഹസ്രാധിപൻ കരുതിയ ആൾക്ക് നല്കുന്ന അനുകൂല്യമായി ഇതിനെ കരുതുകയുമാവാം. എങ്ങനെയായാലും, അവരുടെ യാത്രയുടെ ആദ്യഭാഗം അവർ ധൃതഗതിയിൽ തന്നെ പോകുകയും - തീർച്ചയായും രണ്ടാമത്തെ ഭാഗവും അങ്ങനെ തന്നെ - പൗലൊസ് കുതിരപ്പുറത്തായിരുന്നെങ്കിൽ "കുതിരകൾ" എന്നു ബഹുവചനത്തിലാണ് പറഞ്ഞിരിക്കുന്നത് പൗലൊസിനു ഒരു കുതിരയെ നല്കുവാൻ അധികമായി കരുതിയിരുന്നോ? പടയാളി സഞ്ചരിച്ചിരുന്ന കുതിരയുമായി പൗലൊസിനെ ബന്ധിച്ചിരുന്നോ? പൗലൊസിന്റെ സാധനങ്ങൾ കയറ്റാൻ വേറെ കുതിര വേണമായിരുന്നോ? പൗലൊസിന്റെ സ്നേഹിതന്മാരും, "സഹബദ്ധന്മാരും" അതേ സമയത്തു കൊണ്ടുപോയിരിക്കാൻ സാധ്യതയുണ്ട് (ലൂക്കൊസ് ഉം അരിസ്തർഹൊസും; പ്രവൃത്തികൾ 27:2; കൊലൊസ്യർ 4:10). ഒരിക്കൽ കൂടെ പറയട്ടെ, നമുക്ക് അറിയില്ല. [38]"പൗലൊസ് വിചാരണയിൽ" എന്ന പാഠത്തിൽ ഫെലിക്സിനെക്കുറിച്ചുള്ള നോട്ടുകൾ നോക്കുക. [39]ഈ സഹസ്രാധിപനെ സൂചിപ്പിച്ച ഗ്രീക്കുവാക്ക് സൂചിപ്പിക്കുന്നത് അയാളുടെ കൈയിൽ ആയിരം പടയാളികൾ ഉണ്ട് എന്നാണ്. [40]വില്യം ബാർക്ക്ലേ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്*, ദ ഡെയ്‌ലി ബൈബിൾ സ്റ്റഡീസ്, റെവ.ഇഡി. (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രെസ്, 1976), 166. ഈ പോയിന്റിൽ ലൂക്കൊസ് പറയുന്നതു ചില സംശയാലുക്കൾ സംശയിക്കുന്നുണ്ട്, ഒരു കുറ്റവാളിയുടെ സംരക്ഷണത്തിനു അത്രമാത്രം സൈന്യത്തെ അയക്കുന്ന ആശയത്തെ അവർ സംശയിക്കുന്നു. എങ്ങനെയായാലും, ഇതു, പാലസ്തീനിൽ സംഘർഷം ഉണ്ടായിരുന്ന സമയമായിരുന്നു. ആ നാല്പതു പേരെ തോൽപ്പിക്കുവാൻ മതിയായ പടയാളികളെ അയക്കുവാനല്ല സഹസ്രാധിപൻ ആഗ്രഹിച്ചത് ആരും അവരെ ആക്രമിക്കാൻ *ധൈര്യം* കാണിക്കാത്ത മുൻകരുതലാകട്ടെ എടുത്തത്.

[41]"പ്രവൃത്തികൾ, 2-൧൦" ലക്കത്തിലെ "ഭിത്തികൾ ഉടക്കൽ" "ക്രിസ്തുവിൽ ശിശുക്കൾക്കു മുതിർന്ന - ഉപദേശം" എന്നീ പാഠങ്ങളിലെ കൈസര്യയുടെ നോട്ടുകൾ നോക്കുക. പ്രവൃത്തികളുടെ പുസ്തകത്തിൽ പലപ്പോഴായി കൈസര്യ നാം കാണുന്നുണ്ട് (8:40; 9:30; 10:1, 24; 11:11; 12:19; 18:22; 21:8, 16). [42]അക്ഷരികമായി, ഇത് ഒരു "ലേഖനമാണ്." [43]"ഫോം" എന്നതു *ടൃപോസ്* എന്ന ഗ്രീക്കു വാക്ക് തർജ്ജിമ ചെയ്തതാണ്, അതിൽ നിന്ന് "പാറ്റേൺ" എന്ന വാക്ക് കിട്ടിയത്. അക്കാലത്തെ എഴുത്തിന്റെയോ എഴുത്തുകളുടേയോ മാതൃകയാണ് താഴെ കൊടുത്തത്, പ്രത്യേകിച്ച് ഔദ്യോഗിക കത്തിടപാടുകൾ. ആ കത്തിന്റെ ചുരുക്ക രൂപമാണ് ലൂക്കൊസ് നല്കിയത്. കത്തു "രൂപപ്പെടുത്തിയതിൽ" ലൂക്കൊസിനെ വിമർശകർ കുറ്റപ്പെടുത്തുന്നുണ്ട്, കത്തിലെ ഉള്ളടക്കം ആർക്കും ഒരു വിധത്തിലും അറിയാൻ സാധ്യമല്ലല്ലോ. പൗലൊസ് കൈസര്യയിൽ എത്തിയ ശേഷം, എങ്ങനെയായാലും, അവന്റെ വിചാരണ സമയത്ത് എഴുത്ത് വായിച്ചിരിക്കാനും സാധ്യതയുണ്ട്. ഏറ്റവും പ്രധാനം, ലൂക്കൊസ് ദൈവശ്വാസിയനായിരുന്നു - ദൈവത്തിനു അതിലെ ഉള്ളടക്കം തീർച്ചയായും അറിയാം. [44]"ലൂസിയാസ്" എന്നതു സൂചിപ്പിക്കുന്നതു അവൻ ജന്മം കൊണ്ട് യവനനായിരുന്നു എന്നാണ്. [45]ഈ വിശേഷണത്തെ ലൂക്കൊസ് 1:3 മായി താരതമ്യം ചെയ്യുക. [46]വെസ്റ്റേൺ ടെക്സ്റ്റ് ചേർക്കുന്നു "യേശു എന്ന ഒരുത്തനേയും മോശയേയും." [47]തർജ്ജിമ അനുസരിച്ച്, സഹസ്രാധിപൻ തന്റെ വ്യക്തിപരമായ കത്തിൽ "ഞാൻ" എന്ന സർവ്വനാമം അഞ്ചു മുതൽ ഏഴു വരെ പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. [48]ന്യായാധിപസംഘം തന്റെ അടുക്കൽ വന്നു പൗലൊസിനെ വിട്ടു തരാൻ ആവശ്യപ്പെടട്ടെ എന്നു വിചാരിച്ചിരിക്കാം. പിന്നെ ഖേദത്തോടെ പൗലൊസിനെ കൗസര്യയിലേക്ക് അയച്ചു കഴിഞ്ഞില്ലേ, അതുകൊണ്ട് ഇനി നിങ്ങളുടെ പരാതി

കൈസര്യയിൽ ചെന്ന് അറിയിക്കാം എന്നു പറയാം. ഈ നിർദ്ദേശം മഹാപുരോഹിതനെ 24:1-ൽ കൈസര്യയിൽ എത്തുമാറാക്കി. വെസ്റ്റേൺ ടെക്സ്റ്റ് അനുസരിച്ച്, സഹസ്രാധിപൻ പൗലൊസിന്റെ കുറ്റാരോപകരോട് കൈസര്യയിലേക്കു പോകുവാൻ പറഞ്ഞു എന്നാണ് (കെജെവിയിൽ 24:8 നോക്കുക). [49]സഹസ്രാധിപന്റെ വാക്കുകൾ തീർപ്പിനു ഉതകുന്നതാണ്, പൗലൊസിനെ "വിചാരണ" ചെയ്തപ്പോൾ ദൈവാലയം തീണ്ടിച്ചു എന്ന കുറ്റം ന്യായാധിപസഭയുടെ മുൻപിൽ പറഞ്ഞില്ല - ദൈവാലയം അശുദ്ധമാക്കുന്നതു മരണശിക്ഷക്കുള്ള കുറ്റമാണ്. [50]ഇവിടെ യേശുവിന്റെ വിചാരണയുമായി മറ്റൊരു സമാനത (യോഹന്നാൻ 18:38). ലൂക്കൊസ് എഴുതുന്നതു റോമൻ ഉദ്യോഗസ്ഥനു വേണ്ടിയാണ് "പ്രവൃത്തികൾ, 1-൧൦" ലക്കത്തിലെ "എഴുതപ്പെട്ടതിൽ വച്ച് ഏറ്റവും വലിയ പരമ്പര" എന്നതിലെ പ്രവൃത്തികൾ 1:1 ലെ നോട്ടുകൾ നോക്കുക. ക്രിസ്ത്യാനികൾ റോമൻ നിയമം ഒന്നും ലംഘിക്കുന്നില്ല എന്നു അറിയുവാനും അവൻ ആഗ്രഹിച്ചു.

[51]പടയാളികൾ നഗരത്തിൽ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുന്നതു സാധാരണ സംഭവമായതുകൊണ്ട് സംശയിക്കേണ്ട കാര്യമില്ല. [52]ഒരിക്കൽ കൂടെ പൗലൊസ് കൂരിരുട്ടിൽ കടത്തപ്പെട്ടു (9:25; 17:10 നോക്കുക). [53]അന്തിപത്രൊസിന്റെ പഴയ നിയമ പേർ ആഫെക്ക് എന്നായിരുന്നു (1 ശമുവേൽ 4:1). നഗരം മഹാനായിരുന്ന ഹെരോദാവ് പുതുക്കിപ്പണിത് അയാളുടെ അപ്പന്റെ പേർ ആയ, അന്തിപത്രൊസ് എന്നിട്ടു. [54]"പ്രവൃത്തികൾ, 4-൧൦" ലക്കത്തിലെ "പൗലൊസിന്റെ മൂന്നാം മിഷണറിയാത്രയുടെ" പടം നോക്കുക. [55]ചാൾസ് ആർ സ്വിൻഡെൽ, *ദ സ്ത്രെങ്ങ്ത്ത് ഓഫ് ആൻ എക്സാറ്റിങ്ങ് പാഷൻ* (അനാഹേം, കാഫ്: ഇൻസൈറ്റ് ഫോർ ലിവിങ്ങ്, 1992), 103. [56]വിസ്താരം നടത്തേണ്ടത് സങ്കീർണ്ണമായ കാര്യമാണ്, അതിൽ ദേശം ഏതു വിധത്തിലുള്ളതായാലും, ഭരണാധികാരി ആരെന്നും തുടങ്ങിയ കാര്യങ്ങൾ നോക്കണം, തുടങ്ങിയവ. ഒരുപക്ഷെ, ഫെലിക്സിന്റെ വിചാരണാ തീരുമാനത്തിൽ ഇവ ഉൾപ്പെട്ടിരിക്കാം: (1) കിലിക്യ ഒരു റോമാദേശമായിരുന്നു; (2) പത്രൊസ് ഒരു റോമാ പൗരനായിരുന്നു; (3) കുറ്റം സംഭവിച്ചത് ഫെലിക്സിന്റെ ദേശത്തിലാണ്; (4) യെഹൂദന്മാരോട് പൗലൊസിനെതിരായ കുറ്റം കിലിക്യയിൽ പോയി ആരോപിക്കാൻ പറഞ്ഞാൽ അത് അവരെ അസന്തുഷ്ടരാക്കാം - അവൻ ചില കാര്യങ്ങൾ ശ്രദ്ധിച്ചില്ല എന്നു വരും (24:27 നോക്കുക). [57]ഈ പ്രതികരണം സഹസ്രാധിപന്റെ എഴുത്തിലെ പ്രസ്താവനയാൽ പൗലൊസിന്റെ കുറ്റാരോപകരെ ഫെലിക്സിന്റെ മുമ്പിൽ വരുത്തുവാൻ പറഞ്ഞതാണ് (വാക്യം 30). ഇതു അടുത്ത അദ്ധ്യായത്തിൽ ആദ്യം തന്നെ സംഭവിക്കുന്നു. [58]"ആസ്ഥാനം" എന്നതു ലിപി മാറ്റിയ ഗ്രീക്കുവാക്കാണ്. "ഉദ്യോഗസ്ഥരുടെ" പല സ്ഥലങ്ങളിലുള്ള താമസസൗകര്യത്തെ സൂചിപ്പിക്കുന്നു (മത്തായി 27:27; മർക്കൊസ് 15:16; യോഹന്നാൻ 18:28, 33; 19:9; ഫിലിപ്പിയർ 1:13). [59]ഉദ്ധരിച്ചതു വിയേഴ്സ്ബേ, 496. [60]എഡ്‌വാർട്ടൻ, *ദ ആക്ഷൻ ഓഫ് ദ ആക്സ്* (ഡല്ലാസ്: ഗോസ്പെൽ ടീച്ചേഴ്സ് പബ്ലിക്കേഷൻസ്, 1977), 54.